## Europe

### പൗരസ്ത്യ കത്തോലിക്ക സംഗമത്തിൽ സീറോ മലബാർ സഭയെ ഉദ്ഘോഷിച്ച റവ. ഡോ. പാലക്കൽ അഭിമാനമായി

Click to View News in Pictures

Back to NRI Home | Forward This News | Click here for detailed news of all items

Facebook Tweet LinkedIn



ലണ്ടൻ: വെസ്റ്റ്മിൻസ്റ്റർ അതിരൂപതാധ്യക്ഷൻ കർദിനാൾ വിൻസെന്റ് നിക്കോളസ് പ്രസിഡന്റായുള്ള സൊസൈറ്റി ഓഫ് സെന്റ് ജോൺസ് ക്രിസോസ്റ്റത്തിന്റെ ആഭിമുഖ്യത്തിൽ ഉക്രേനിയൻ ഗ്രീക്ക് കത്തോലിക്ക ഭദ്രാസന ദേവാലയത്തിൽ നടത്തിയ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ സംഗമം പ്രൗഢഗംഭീരമായി.

സീറോ മലബാർ സഭക്ക് പ്രാമുഖ്യം കൊടുത്ത് യുകെയിൽ ആദ്യമായി നടന്ന ആഘോഷത്തിൽ പ്രശസ്ത ഗവേഷകനും സംഗീതജ്ഞനുമായ റവ. ഡോ.ജോസഫ് പാലക്കൽ സിഎംഐ ആഘോഷമായ ഇംഗ്ലീഷ് പാട്ടുകുർബാനയെ പരിചയപ്പെടുത്തി നടത്തിയ സീറോ മലബാർ ദിനാഘോഷം സഭാ പ്രഘോഷണോത്സവമായി മാറി.

ഉക്രേനിയൻ ഗ്രീക്ക് കത്തോലിക്ക സഭ ബിഷപ് ഹീബ്ലി ഏവരെയും സ്വാഗതം ചെയ്യുകയും സീറോ മലബാർ സഭയുമായുള്ള അടുപ്പവും കേരള സന്ദർശനവും സിനഡിൽ പങ്കെടുത്തുമുള്ള ബന്ധം വരെ വികാര വായ്പോടെയാണു സംസാരിച്ചത്. തുടർന്ന് ഇംഗ്ലീഷ് ഭാഷയിൽ ആഘോഷമായ വിശുദ്ധ കുർബാന ഫാ. ജോസഫ് പാലക്കലിന്റെ മുഖ്യ കാർമികത്വത്തിൽ നടന്നു. ആരാധനക്രമ പണ്ഡിതനും ധ്യാന ഗുരുവും ഷ്രൂസ്ബറി രൂപത സീറോ മലബാർ ചാപ്ലെയിനുമായ റവ. ഡോ. ലോനപ്പൻ അരങ്ങാശേരി, വെംബ്ലി പാരീഷ് അസിസ്റ്റന്റ് ഫാ. ജോസഫ് കടുത്താനം സിഎംഐ എന്നിവരോടൊപ്പം ഫാ. മാർക്ക് വുഡ്റഫ്, ബിഷപ് ഹ്ലീബ് എന്നിവരും സഹകാർമികരായി കുർബാനയിൽ പങ്കു ചേർന്നു.

ഐക്കണുകൾക്കൊണ്ട് അലങ്കരിക്കപ്പെട്ട ഭദ്രാസന ദേവാലയത്തിൽ 'പുദ്കാനകോൻ' എന്ന പുരാതന സുറിയാനി ഗീതം ആലപിച്ചാണ് ആഘോഷമായ ഇംഗ്ലീഷ് കുർബാന ആരംഭിച്ചത്. ത്രീയേക ദൈവത്തെ പുകഴ്ത്തുന്ന 'കന്തീശാ ആലാഹാ' എന്ന സുറിയാനി ഗീതവും ആലപിക്കപ്പെട്ടു.

യുക്രെയ്നിയൻ– ഗ്രീക്ക് സഭാ പാരമ്പര്യത്തിൽ കർട്ടനുകൾക്കുപകരം ഐക്കണുകൾ കൊണ്ടലങ്കരിച്ച ഐക്കണോസ്റ്റാസിസ് പരിശുദ്ധ മദ്ബഹായെ ഹൈക്കലായിൽനിന്നു വേർതിരിച്ചിരിക്കുന്നു. ഉത്ഥാന ഗീതം പാടി ധൂപം അർപ്പിച്ചുകൊണ്ട് ഫാ. ലോനപ്പൻ അരങ്ങാശേരി ഐക്കണോസ്റ്റാസിസ് തുറന്ന് പരിശുദ്ധ മദ്ബഹായിലേക്കു പ്രവേശിച്ചു. മദ്ബഹായിൽ സക്രാരിയോടൊപ്പം പരിശുദ്ധ മാർത്തോമ സ്ലീവയും വിശുദ്ധ ഗ്രന്ഥവും പ്രതിഷ്ഠിച്ചിരുന്നു. സുവിശേഷ ഗ്രന്ഥവും സ്ലീവയും വഹിച്ചു കൊണ്ട് നടത്തിയ പ്രദക്ഷിണവും മദ്ബഹായിൽ സീറോമലബാർ വൈദികരോടൊപ്പം ഉക്രേനിയൻ ഗ്രീക്ക് പുരോഹിതന്മാരും ചേർന്ന് ആഘോഷിച്ച അനാഫൊറയും സ്വർഗീയ അനുഭൂതിയാണ് ഉളവാക്കിയത്.
തുടർന്നു നടന്ന സെമിനാറിൽ മാർത്തോമ ക്രിസ്ത്യാനികളുടെ ചരിത്രത്തെ അവലംബിച്ച് 'കേരളം, ദക്ഷിണേഷ്യയിലെ ക്രൈസ്തവ സഭയുടെ പിള്ളത്തൊട്ടിൽ' എന്ന ഹ്രസ്വചിത്രവും തുടർന്ന് 'കേരള സഭയുടെ സുറിയാനി പാരമ്പര്യത്തെയും അതിന്റെ പുനരുദ്ധാരണത്തേയും' സംബന്ധിച്ചുള്ള ചിത്രവും പ്രദർശിപ്പിക്കപ്പെട്ടു.

സെമിനാറിൽ പങ്കെടുത്തവരിൽ നിന്നുയർന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ചർച്ചക്ക് നേതൃത്വം നൽകിയ റവ. ഡോ.ജോസഫ് പാലയ്ക്കലും റവ. ഡോ. ലോനപ്പൻ അരങ്ങാശേരിയും മറുപടി നൽകി. തുടർന്നു നടന്ന സീറോ മലബാർ സഭയുടെ പൗരാണികത്വത്തെ വിളിച്ചോതുന്ന പോസ്റ്റർ പ്രദർശനവും ഏവരുടെയും ശ്രദ്ധ ആകർഷിച്ചു.

ഈ കാലഘട്ടത്തിൽ യുദ്ധത്താലും മതസ്പർധയാലും പീഡിപ്പിക്കപ്പെടുന്ന പൗരസ്ത്യ സഭകളെപ്പറ്റി ജോൺ ന്യൂട്ടൺ അവതരിപ്പിച്ച പോസ്റ്ററുകളും പ്രബന്ധവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. തുടർന്നു നടന്ന യുക്രെയ്നിയൻ സഭയുടെ സായാഹ്ന പ്രാർഥനയോടെ അവിസ്മരണീയമായ ആഘോഷം സമാപിച്ചു.

ഗാന ശുശ്രൂഷയ്ക്ക് ഏറ്റവും മനോഹരവും അനുഭവവുമാക്കി മാറ്റിയ ഡോ. ജേക്കബും ടീമും മികച്ച കോഓർഡിനേഷൻ കൊണ്ട് ആഘോഷം വിജയകരമാക്കിയ ഡോ. മാർട്ടിൻ തോമസ് ആന്റണിയും പ്രത്യേകം അനുമോദനം ഏറ്റുവാങ്ങി.

വാറിംഗ്ടണിലും ലീഡ്സിലും കഴിഞ്ഞ ആഴ്ചയിൽ നടത്തിയ ആഘോഷങ്ങൾ പ്രവാസി നവതലമുറയെ ഹഠാതാകർഷിച്ചിരുന്നു. അടുത്ത ശനിയാഴ്ച ബോൾട്ടണിൽ റവ. ഡോ.ജോസഫ് പാലയ്ക്കൽ സെമിനാർ നയിക്കും.

ഓക്സ്ഫോർഡിൽ നടത്തുന്ന അന്തർദേശീയ സമ്മേളനത്തിൽ കോൺഗ്രിഗേഷണൽ മ്യൂസിക്കിനെ ആസ്പദമാക്കി പ്രഭാഷണം നടത്താനാണ് റവ. ഡോ.ജോസഫ് പാലക്കൽ ഇംഗ്ലണ്ടിൽ എത്തിച്ചേർന്നത്.

**റിപ്പോർട്ട്: അപ്പച്ചൻ കണ്ണഞ്ചിറ**